**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5113** — 22-05-2017 -ൽ മറുപടിക്ക്

**ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ വാർഷിക റിപ്പോർട്ട്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഹൈബി ഈഡൻ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2005 ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിന്റെ സെക്ഷൻ 70 (2) പ്രകാരം ഡിസാസ്റ്റർ മാനേജ്മെന്റ് സ്റ്റേറ്റ് അതോറിറ്റി അതിന്റെ ഓരോ വർഷത്തെയും പ്രവർത്തനം സംബന്ധിച്ച വാർഷിക റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് അയച്ചു കൊടുത്തിട്ടുണ്ടോ; | എ) | 2011-12 മുതൽ 2015-16 വരെയുള്ള വാർഷിക പ്രകൃതിക്ഷോഭവും എസ്.ഡി.എം.എ യുടെ പ്രവർത്തനവും ഉൾകൊള്ളിച്ച റിപ്പോർട്ട് പ്രസ്തുത കാലയളവിൽ എസ്.ഡി.എം.എ സെക്രട്ടറി എന്ന പദവി വഹിച്ചിരുന്ന ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വെയ്ക്കേണ്ട ഒന്നാണോ; എങ്കിൽ 2005 ന് ശേഷം സ്റ്റേറ്റ് അതോറിറ്റി വാർഷിക റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് വേണ്ടി തയ്യാറാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ ? | ബി) | അതെ; 2007 ൽ രൂപീകൃതമായ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക്, 2012 മുതലാണ് സാങ്കേതിക പ്രവർത്തകരെ ലഭിച്ചതും പ്രവർത്തനം ശക്തിപ്പെട്ടതും. 2011-12 മുതലുള്ള എല്ലാ വാർഷിക പ്രകൃതിക്ഷോഭവും എസ്.ഡി.എം.എ യുടെ പ്രവർത്തനവും ഉൾകൊള്ളിച്ച് റിപ്പോർട്ടുകൾ കേന്ദ്ര സർക്കാരിന് നൽകുന്ന മുറയ്ക്കാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധി ലഭ്യമാകുന്നത്. ഇവ ഇംഗ്ലീഷ് ഭാഷയിലാണ് തയാറാക്കിയിരുന്നത്. മുടക്കം കൂടാതെ കേന്ദ്ര സർക്കരിന് റിപ്പോർട്ട് നൽകുന്നതിനാൽ ഈ നിധി ലഭ്യമാകുന്നും ഉണ്ട്.<br>ചീഫ് സെക്രട്ടറി അധ്യക്ഷയായ, 18.02.2016 ൽ ചേർന്ന സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി, ഒരു പ്രത്യേക ഫോർമാറ്റിൽ, 2015-16 മുതൽ ഉള്ള റിപ്പോർട്ട് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുവാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാര്യാലയത്തിന് നിർദ്ദേശം നൽകി. ഇത് പ്രകാരം 20-10-2016 ന് ചേർന്ന |

| | | | |
|---|---|---|---|
| | | | സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മുൻപാകെ ഇംഗ്ലീഷിൽ ഒരു വിശദമായ വാർഷിക റിപ്പോർട്ട് സമർപ്പിച്ചു. ഇത് പരിഗണിച്ച സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 2015-16 ലെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി, മലയാളത്തിൽ തർജ്ജമ ചെയ്ത് റിപ്പോർട്ട് സർക്കാറിന് സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. ആയതനുസരിച്ച് 2015-16 ലെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ അവസാന വരവ്-ചിലവ് കണക്കുകൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് സഭയിൽ സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ